## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3483 22/08/2017-ൽ മറുപടിക്ക്

### ആയുർ ദീപ്തം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്യാൻസർ രോഗചികിത്സ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | മലബാർ ക്യാൻസർ സെന്ററിൽ ആയുർദീപ്തം പദ്ധതി ആരംഭിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ കറ്റ്യാട്ടൂര്, കണ്ണപുരം എന്നിവിടങ്ങളിൽ പി.എച്ച്.സി.കളിൽ പ്രാരംഭ ഘട്ടത്തിൽ ചില ക്യാൻസറുകൾ കണ്ടുപിടിക്കുന്നതിനുള്ള ഏർളി കാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. മറ്റു ചില സർക്കാർ ആശുപത്രികളിലും ഇത്തരത്തിലുള്ള ക്ലിനിക്കുകൾ തുടങ്ങാനുള്ള പരിശീലനം മലബാർ ക്യാൻസർ സെന്ററിൽ നടന്നു വരുന്നു. ഈ പദ്ധതി ഒരു പൈലറ്റ് പ്രോഗ്രാമായാണ് നടത്തി വരുന്നത്.<br><br>എല്ലാ ജില്ലകളിലും ഒരു ക്യാൻസർ ചികിത്സാകേന്ദ്രമെന്ന ആശയത്തോടെ ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ വിപുലീകരിക്കുന്നതിനും പുതിയ സെന്ററുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായുള്ള പരിശീലനവും മറ്റു മുന്നൊരുക്കങ്ങളും ക്യാൻസർ കെയർ ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രിയോടനുബന്ധിച്ച് പാലിയേറ്റീവ് കീമോതെറാപ്പി സെന്റർ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ഫണ്ട് ജില്ലകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>ക്യാൻസർ രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സർക്കാർ മെഡിക്കൽ കോളേജുകളിൽ രോഗനിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലറേറ്ററും കോബാൾട്ട് മെഷീനും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ സി.റ്റി.സിമുലേറ്റർ സ്ഥാപിച്ചിട്ടുമുണ്ട്. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ലീനിയർ |

ആക്സിലേറ്റർ/എച്ച്.ഡി.ആർ മെഷീൻ എന്നിവ വഴി ചികിത്സ നടത്തുന്നുണ്ട്. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലും ലീനിയർ ആക്സിലേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ക്യാൻസർ സെന്ററുകളിലെ ചികിത്സാ സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പുതുതായി നിർമ്മിക്കുന്ന ടെർഷ്യറി ക്യാൻസർ കെയർ സെന്ററിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

കാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിനു വേണ്ടി നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റീജിയണൽ കാൻസർ സെന്ററിൽ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നവയാണ്.

- പുതുതായി നിർമ്മിച്ച പത്തു നിലക്കെട്ടിടത്തിൽ ഒ.പി.വിഭാഗം. ഡേകെയർ കീമോതെറാപ്പി വാർഡ്, ലാബോറട്ടറി സൗകര്യങ്ങൾ. ഭരണവിഭാഗം, ന്യൂക്ലിയർ മെഡിസിൻ, ഐ.ടി.വിഭാഗം എന്നീ സുപ്രധാന വകുപ്പുകൾ പ്രവർത്തനമാരംഭിച്ചു.
- അക്കാഡമിക് നിലവാരം ഉയർത്തുന്നതിനായി ഇൻഫോസിസിന്റെ സഹായത്തോടെ 5 കോടി രൂപയുടെ ഇൻഫോസിസ് ചെയർ ആർ.സി.സിയിൽ സ്ഥാപിച്ചു.
- ആർ.സി.സിയിലെ തിരക്കു നിയന്ത്രിക്കുന്നതിനും കൂടുതൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 187 കോടി രൂപ ചെലവിൽ 14 നിലക്കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.
- ആർ.സി.സിയുടെ ഉപകേന്ദ്രമായ പാലക്കാട് മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ച് കൂടുതൽ സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞു.
- ഡിജിറ്റൽ നേർവ് സെന്റർ എന്ന പേരിൽ ആർ.സി.സിയെ പ്രമുഖ കാൻസർ ചികിത്സാ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന പദ്ധതി ടാറ്റാ കൺസൾട്ടൻസി സർവ്വീസിന്റെ സഹകരണത്തോടെ പ്രവർത്തനമാരംഭിച്ചു.
- മെഡിക്കൽ കോളേജ് ക്യാമ്പസിലെ സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് ആർ.സി.സിയുടെ 2-ാം ക്യാമ്പസ് സ്ഥാപിക്കുന്നതിന് പുലയനാർ കോട്ടയിൽ ഭൂമി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സ്ത്രീകൾക്കും കുട്ടികൾക്കും ഉള്ള കാൻസർ സെന്റർ, ന്യൂറോ ഓങ്കോളജി സെന്റർ, ഗവേഷണ വിഭാഗം, രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള ഡോർമെറ്ററി സൗകര്യം, ഹോം എവെ ഹോം, കമ്മ്യൂണിറ്റി ഓങ്കോളജി സെന്റർ

തുടങ്ങി വിവിധ പദ്ധതികളാണ് പുലയനാർകോട്ടയിൽ ലക്ഷ്യമിടുന്നത്.

- റീജിയണൽ കാൻസർ സെന്ററിൽ പീഡിയാട്രിക് ഓങ്കോളജിയിൽ ഒ.പി. വിഭാഗം നവീകരിച്ചു.
- കൂടാതെ ഇക്കാലയളവിൽ ആർ.സി.സിയിൽ താഴെപ്പറയുന്ന ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

1. പെറ്റ് സി.ടി. സ്കാനർ
2. സ്പെക്ട് സി.ടി ഗാമാക്യാമറ (പ്രവർത്തനക്ഷമമായികൊണ്ടിരിക്കുന്നു)
3. വീഡിയോ എൻഡോസ്കോപ്പി യൂണിറ്റ്
4. ഹൈ ഡെഫിനിഷൻ ലാപ്രോസ്കോപ്പി യൂണിറ്റ്
5. ഡേറ്റാ ബെസ് മാനേജ്മെന്റ് സിസ്റ്റം അപ്ഗ്രഡേഷൻ

സെക്ഷൻ ഓഫീസർ